# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5870 30.07.2015 ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. എം.വി.ശ്രേയാംസ് കുമാർ

ശ്രീ. കെ.എം. മാണി
ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

### സുഗന്ധവ്യഞ്ജനങ്ങളുടെ കൃഷിക്ക് സബ്സിഡി

| ക്രമ നം | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | നടപ്പ് വർഷത്തെ ബഡ്ജറ്റിൽ സുഗന്ധ വ്യഞ്ജനങ്ങളുടെ കൃഷിക്ക് സബ്സിഡി നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | വകയിരുത്തിയിട്ടുണ്ട്. സുഗന്ധവ്യഞ്ജനങ്ങളുടെ വികസനത്തിനായുള്ള സംസ്ഥാന പദ്ധതിയ്ക്കായി 2401-00-108-59 (P) എന്ന ശീർഷകത്തിൽ 1000 ലക്ഷം രൂപയും വയനാട് പാക്കേജിനായി 2401-00-800-27 (P) എന്ന ശീർഷകത്തിൽ 1420 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | സുഗന്ധവ്യഞ്ജനങ്ങളുടെ വികസനത്തിനുള്ള പദ്ധതി കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്. വയനാട് പാക്കേജ് വയനാട് ജില്ലയിൽ നടപ്പാക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | I <u>സുഗന്ധവ്യഞ്ജനങ്ങളുടെ വികസനത്തിനുള്ള പദ്ധതി</u><br>പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നു.<br>a) 3000 ഹെക്ടറിൽ കുരുമുളക് കൃഷി വ്യാപനത്തിനായി ഹെക്ടറൊന്നിന് 20000/- രൂപ (50%) നിരക്കിൽ കർഷകർക്ക് ധനസഹായം. |

| | | |
|---|---|---|
| | | b) ഇടുക്കി ജില്ലയിൽ കുരുമുളക് കൃഷിയുടെ സംയോജിത വികസനത്തിനായി 275 ലക്ഷം രൂപയുടെ ഒരു പദ്ധതി കൃഷി വകുപ്പ് തയ്യാറാക്കി സർക്കാരിൻെറ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>II വയനാട് പാക്കേജ്<br>പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു.<br>കുരുമുളക് കൃഷി പുനരുദ്ധാരണം (587.9 ലക്ഷം രൂപ)<br>(i) ജൈവകുരുമുളക് കൃഷിക്ക് തുടർ സഹായമായി രണ്ടാം വർഷത്തെ 1679 ഹെക്ടറിന് 10000/- രൂപ നിരക്കിലും മൂന്നാം വർഷത്തെ 1000 ഹെക്ടറിന് 5000/- രൂപാ നിരക്കിലും ധനസഹായം.<br>(ii) രണ്ടു ലക്ഷം താങ്ങുമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ഒരു താങ്ങു മരത്തിന് 10/- രൂപ നിരക്കിൽ ധനസഹായം.<br>(iii) ദ്രുതവാട്ട രോഗ നിയന്ത്രണത്തിനായി 3500 ഹെക്ടറിലേയ്ക്ക് ഹെക്ടറൊന്നിന് 10000/- രൂപയുടെ (inputs ൻെറ ചെലവിൻെറ 50%) ധനസഹായം. |

സെക്ഷൻ ഓഫീസർ